എ.കെ. അബ്ദുൽ മജീദ്




# Words and Expressions




## Need

സാധാരണ verb ആയും modal auxiliary ആയും ഉപയോഗിക്കുന്ന പദമാണ് need.

ആദ്യം സാധാരണ verb എന്ന നിലയിൽ ഉള്ള need ന്റെ ഉപയോഗം നോക്കാം.

### 1. Need as an ordinary verb:

a) I need some money. (എനിക്ക് കുറച്ചു പണം വേണം)

b) She needs an injection. (അവൾക്ക് ഇഞ്ചക്ഷൻ ആവശ്യമുണ്ട്)

c) Dose he need to remit the amount today itself? (അവൻ ഇന്ന്തന്നെ പണം അടക്കണമോ?)

d) Do they need to go home now? (അവർ ഇപ്പോൾ വീട്ടിൽ പോകണമോ?)

പ്രവാസി വകുപ്പ് ആരംഭിച്ച ആദ്യ ഇന്ത്യൻ സംസ്ഥാനം– കേരളം

e) I don't need your support. (എനിക്ക് നിന്റെ പിന്തുണ ആവശ്യമില്ല)

സാധാരണ verbനു വരുന്നതു പോലെയുള്ള മാറ്റങ്ങൾ need നു വന്നത് ശ്രദ്ധിക്കുക.

## 2. Need as a modal auxiliary verb:

a) You needn't come tomorrow. (നിങ്ങൾ നാളെ വരേണ്ടതില്ല)

b) Need I come with you? (ഞാൻ നിങ്ങളുടെ കൂടെ വരണമോ?)

c) That is the only question you need to answer.

(അതുമാത്രമാണ് നിങ്ങൾ ഉത്തരം നൽകേണ്ട ചോദ്യം).

Need അമേരിക്കൻ ഇംഗ്ലീഷിൽ അപൂർവ്വമായേ modal auxiliary verb ആയി ഉപയോഗിക്കാറുള്ളൂ.






ബ്രിട്ടീഷ് ഇംഗ്ലീഷിൽ ആണ് need മോഡൽ verb ആയി ഉപയോഗിക്കുന്നത്. Habitual അല്ലെങ്കിൽ general necessity ആയ കാര്യങ്ങൾ പറയുമ്പോൾ need സാധാരണ verb ആയേ ഉപയോഗിക്കൂ എന്ന് പ്രത്യേകം ഓർക്കുക.

We don't need to pay extra amount for additional sheets.

(അധികമായി വാങ്ങുന്ന ഷീറ്റുകൾക്ക് നാം പണം കൊടുക്കേണ്ടതില്ല).

ഈ വാക്യത്തിൽ needn't എന്ന് പറ്റില്ല.

## 3. Need not + Perfect Infinitive

a) We need'nt have brought lunch. ( നമ്മൾ ഉച്ച ഭക്ഷണം കൊണ്ടുവരേണ്ടതുണ്ടായിരുന്നില്ല).

b) You needn't have paid the bill. (നീ ബില്ല് അടക്കേണ്ടിയിരുന്നില്ല).



കേരളത്തിന്റെ സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന ജില്ല– തൃശൂർ